**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2082 06.02.2019 ൽ മറുപടിക്ക്

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
| സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന് നിലവിൽ വരുമെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ? | കേരളത്തിൽ ആർ.എസ്.ബി.വൈ.യും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും സംയോജിപ്പിച്ച് ആർ.എസ്.ബി.വൈ/ചിസ് പദ്ധതി 2008 ഒക്ടോബർ മാസം 2-ാം തീയതി മുതൽ നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ പദ്ധതിയുടെ കേരളാ പതിപ്പായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) 2019 ഏപ്രിൽ മാസം 1-ാം തീയതി മുതൽ കേരളത്തിൽ നടപ്പിലാകും. പ്രസ്തുത പദ്ധതി പ്രകാരം 21.57 ലക്ഷം കുടുംബങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി 60:40 അനുപാതത്തിൽ പ്രീമിയം നൽകുകയും കൂടാതെ 19.98 ലക്ഷം കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ മുഴുവൻ പ്രീമിയം നൽകുക വഴി ആകെ 40.96 ലക്ഷം കുടുംബങ്ങളെ ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തുവാനും സാധിക്കും. ഓരോ കുടുംബത്തിനും പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷ ലഭ്യമാക്കും |

സെക്ഷൻ ഓഫീസർ